**Athmaraksha.org**

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 14



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 14

ഈശോയുടെ ദിവ്യഹൃദയം പരിശുദ്ധിയുടെ മാതൃക

പുഷ്പങ്ങളാൽ അലംകൃതമായ ഒരു ഉദ്യാനത്തിൽ ഒരാൾ പ്രവേശിക്കുമ്പോൾ അയാളുടെ ദൃഷ്ടിയെ ആദ്യമായി ആകർഷിക്കുന്നത് അതിലുള്ള ഏറ്റവും വിശേഷപ്പെട്ടതും സൗരഭ്യമുള്ളതുമായ പുഷ്പങ്ങൾ ആയിരിക്കുമല്ലോ. വിശുദ്ധിയെന്ന പുണ്യം ശോഭയല്ല പുഷ്പങ്ങൾക്കു സമാനമാണ്. വിശിഷ്ട സുന്ദരമായ ഈ സ്വർഗ്ഗീയ പുണ്യത്താൽ ശോഭിച്ചിരുന്ന ഒരാത്മാവിനെ എല്ലാവരും സൂക്ഷിക്കുകയും ഇതിന്റെ സമീപത്തേയ്ക്ക് എല്ലാവരും ആകർഷിക്കപ്പെടുകയും ചെയ്യുക സാധാരണമാണ്. ഈശോ ദൈവമായിരി!ക്കയാൽ എല്ലാ പുണ്യങ്ങളും സൽഗുണങ്ങളിൽ സമ്പൂർണ്ണമായി തന്നെ അങ്ങിൽ വിളങ്ങിയിരുന്നു. എന്നിൽ വിശുദ്ധിയെന്ന പുണ്യം അവിടുന്ന്! അത്ഭുതകരമായ വിധം അഭ്യസിക്കുകയും തന്റെ സമീപത്തേയ്ക്ക് ശുദ്ധതയുള്ള ആത്മാക്കളെ ആകർഷിക്കയും ചെയ്യുന്നു. വിശുദ്ധിയുടെ നിറകുടമായ ഒരു കന്യകയെയാണു മനുഷ്യാവതാരസമയത്ത് അവിടുന്ന്! മാതാവായി സ്വീകരിച്ചത്.

വളർത്തുപിതാവായി ത്തീർന്ന വിശുദ്ധ യൗസേപ്പ് ശുദ്ധതയിലും നീതിയിലും അദ്വിതീയനായിരുന്നു. അദ്ദേഹമാണ് ഈശോയുടെ ചെറുപ്പകാലത്ത് അവിടുത്തെ ഭരിച്ചു നിയന്ത്രിച്ചിരുന്നത്. ഈശോയുടെ പന്ത്രണ്ട് ശിഷ്യരിൽ വിരക്തിയിൽ വിശിഷ്ടമായി ശോഭിച്ചിരുന്ന വിശുദ്ധ യോഹന്നാനെ അവിടുന്ന്! അതീവ വാത്സല്യത്തോടെ സ്നേഹിക്കയും, സ്വന്തം മാറിൽ തലചായിക്കുന്നതിന് ഈ ശിഷ്യനെ അനുവദിക്കുകയും ചെയ്തു. ഈശോയുടെ ജീവിതകാലത്ത് അനേകവിധത്തിലുള്ള ദുർഗുണങ്ങൾ ആരോപിച്ച് അവിടുത്തെ അപമാനിച്ചിട്ടുണ്ട്. എന്നാൽ ശുദ്ധതയ്ക്ക് വിരോധമായ ഒന്നും അവിടുത്തേക്കെതിരെ സംസാരിക്കുവാൻ എതിരാളികൾക്ക് പോലും കഴിഞ്ഞിട്ടില്ല.

ശുദ്ധതയെന്ന പുണ്യത്തിൽ സ്ഥിരമായി നിന്ന്! യുദ്ധം ചെയ്യുന്ന ആത്മാക്കൾ മാലാഖമാർക്കു തുല്യമാണെന്നാണ് ദൈവശാസ്ത്ര പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത്. വിശുദ്ധിയിൽ വിശിഷ്ടമായി ശോഭിച്ച ആത്മാക്കൾക്ക് മാത്രമേ ദിവ്യ ചെമ്മരിയാട്ടിൻ കുട്ടിയായ ഈശോയുടെ പിന്നാലെ പോകുന്നതിനും സ്വർഗ്ഗ സംഗീതം ആലപിക്കുന്നതിനും സാധിക്കയുള്ളൂ. ആകയാൽ ഈശോയുടെ ദിവ്യഹൃദയ ഭക്തരായ നമുക്കും അഴിഞ്ഞു പോകുന്ന സുഖസന്തോഷങ്ങളിൽ നിന്നെല്ലാം അകന്നുമാറി ശുദ്ധമായ ജീവിതം കഴിക്കാൻ യത്നിക്കാം. അശുദ്ധിയെന്ന പാപത്തെ ഭയന്ന്! അകന്നു നടക്കുന്നവൻ ബുദ്ധിമാനും ഭാഗ്യവാനുമാണ് അഹംഭാവികളും, സ്വശക്തിയാൽ എല്ലാം നേടിക്കൊള്ളാം എന്നു വിചാരിക്കുന്നവരും തീർച്ചയായും ഇതിൽ തന്നെ വീണു നശിക്കും.

സ്വശക്തിയിലും ജ്ഞാനത്തിലും ആശ്രയിക്കാതെ ഈശോയുടെ ശക്തമായ സഹായത്തിൽ ശരണപ്പെട്ടുകൊണ്ട് അവിടുത്തെ ദിവ്യഹൃദയത്തിൽ സ്വയം സമർപ്പിക്കുക. ഈ പുണ്യം നഷ്ടമാകാതിരിക്കുവാൻ അതിനു വിരോധമായ എല്ലാ പാപസാഹചര്യത്തിൽ നിന്നും അകന്നു മാറണം. വിശുദ്ധ കന്യകയോടും വിരക്തരുടെ കാവൽക്കാരനായ വി.യൗസേപ്പിനോടും ദിവസം തോറും പ്രാർത്ഥിക്കണം. ഈ മുൻകരുതലുകൾ എടുക്കുന്നവർ പാപത്തിൽ വീഴുകയില്ലായെന്നു മനസ്സിലാക്കുക.

## ജപം

ഏറ്റവും പരിശുദ്ധമായ ഈശോയുടെ ദിവ്യഹൃദയമേ! അങ്ങേ ശുദ്ധതയുടെ വെണ്മയാൽ മാലാഖമാർ പോലും അത്ഭുതപ്പെട്ട് അങ്ങേ ആരാധിക്കുന്നു. ദിവ്യനാഥാ! എന്റെ ഹൃദയത്തിലുള്ള അശുദ്ധമായ ആഗ്രഹങ്ങളെയും ക്രമമല്ലാത്ത ആശകളേയും മാറ്റി, മാലാഖയ്ക്കടുത്ത ശുദ്ധതയെ ഇഷ്ടപ്പെടുവാനും പരിശുദ്ധമായ ജീവിതം കഴിപ്പാനും വിശുദ്ധൻമാർക്ക് സ്വർഗ്ഗത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്ന ഭാഗ്യത്തിന് യോഗ്യനാകുവാനും എനിക്ക് അനുഗ്രഹം നൽകണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)

സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രാർത്ഥിക്കാം

സർവശക്തനുമായ നിത്യനുമായ സർവ്വേശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

സുകൃതജപം

പരിശുദ്ധിയുടെ ആലയമായ ഈശോയുടെ ദിവ്യഹൃദയമേ! വിശുദ്ധ ജീവിതം കഴിക്കുവാൻ എനിക്ക് അനുഗ്രഹം നൽകണമേ.

സൽക്രിയ

ശുദ്ധതയെന്ന പുണ്യത്തിനു ഭംഗം വരുന്ന എന്തെങ്കിലും ഉണ്ടായിരുന്നാൽ അതു ഉടൻ നീക്കുക.

+++